**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ സേവവനമനുഷ്ഠിക്കുന്ന ശ്രീ.നിമേഷ് എ.ജിയും മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.990/2025 നമ്പർ കേസ് - കോടതി ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2403/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.46/2024 തസ്വഭവ തീയതി 16.03.2024
2. OA (EKM) No.990/2025 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.06.2025 ലെ ഉത്തരവ്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.08.2025 ലെ LSGD/PD/19454/2025-LL6 നമ്പർ റിപ്പോർട്ട്
4. സ.ഉ (സാധാ) നം.1856/2025 തസ്വഭവ തീയതി 28.07.2025
5. 24.09.2025 ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പുറത്തിറക്കിയ കരട് പൊതു സ്ഥലംമാറ്റ ഉത്തരവിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ സേവവനമനുഷ്ഠിക്കുന്ന ശ്രീ.നിമേഷ് എ.ജി, ഷിജു.എസ്, ഷാജി.ആർ , രതീഷ് ചന്ദ്രൻ. എസ് .ജി. എന്നിവർക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA No.990/2025 നമ്പരായി ഫയൽ ചെയ്ത കേസിൽ 10/06/2025 ന് ചുവടെ ചേർക്കും പ്രകാരം ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

" Regarding the contention of the applicants about non transferability of the Drivers on the

ground that they are granted only ratio promotion, it would be open to the applicants to approach the 1st respondent by submitting representations. If any such representation is submitted within two weeks, the 1st respondent shall consider and pass orders on the same, after affording an opportunity of hearing to the applicants within a period of two months.".

പ്രസ്തുത ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരാതിക്കാരെ (ശ്രീ.നിമേഷ് എ ജി ഹിയറിംഗിൽ ഹാജരായിട്ടില്ല) നേരിൽ കേൾക്കുകയുണ്ടായി.

2025 ലെ ട്രാൻസ്ഫർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് ട്രാൻസ്ഫർ അനുവദിച്ചിട്ടുള്ളതെന്നും ഇതിനെതിരെ നൽകിയ അപ്പീൽ നിരസിച്ചുവെന്നും ജില്ലയ്ക്കുള്ളിൽ ഒഴിവുണ്ടായിരുന്നിട്ടും ജൂനിയർ കമ്പൽസറി വ്യവസ്ഥയിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും വയനാട് ജില്ലയിൽ തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് മാറ്റി ഉത്തരവിറക്കിയെന്നും തന്നെക്കാൾ ജൂനിയർ ആയ ശ്രീ.അജിത് കുമാർ.പി , പ്രവീൺ , അശോക് കുമാർ കെ എന്നിവരെ ക്രമം തെറ്റിച്ച് ജില്ലയ്ക്കുള്ളിൽ തന്നെ നിലനിർത്തിയിട്ടുള്ളതായും 11/10/23 ന ശേഷം പ്രൊമോഷൻ ലഭിച്ച പട്ടിക 1 ,പട്ടിക 2 എന്നിവയിൽ ഉൾപ്പെട്ട സെലക്ഷൻ , സീനിയർ ഗ്രേഡിലുള്ളവരെ ജൂനിയർ കമ്പൽസറി വ്യവസ്ഥയിൽ സ്ഥലം മാറ്റിയിട്ടില്ലെന്നും ഗ്രേഡ് 1 ആയവരെ മാത്രം ക്രമം തെറ്റിച്ച് സ്ഥലം മാറ്റിയിട്ടുണ്ടെന്നും ശ്രീ. ഷിജു. എസ് ഹിയറിങ്ങ് വേളയിൽ അറിയിക്കുകയുണ്ടായി . മാത്രമല്ല ജില്ലാ തലത്തിലുള്ള ഇൻസ്റ്റേഷൻ,ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ലിസ്റ്റ് പൂർണമായി പ്രസിദ്ധീകരിക്കാത്തതുമൂലം എവിടെയൊക്കെയാണ് ഡ്രൈവർമാരുടെ ഒഴിവുണ്ടെന്ന അറിയാൻ സാധിക്കുന്നില്ലെന്നും ടിയാൻ അറിയിക്കുകയുണ്ടായി. പ്രായമായ അച്ഛനും അമ്മയും ഭാര്യയും രണ്ടു കുഞ്ഞുങ്ങളും തന്നെ ആശ്രയിച്ചാണ് കഴിയുന്നതെന്നും , സ്ഥാലം മാറ്റം കാരണം അച്ഛന്റെ ചികിത്സാ മുടങ്ങുന്ന സ്ഥിയാണെന്നും ടിയാൻ തുടർന്നറിയിച്ചു.

വിവിധ വകുപ്പുകൾ ഏകീകരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരിച്ചെങ്കിലും വകുപ്പിന് കീഴിലുള്ള ഡ്രൈവർമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആരൊക്കെയാണ് തന്നെക്കാൾ ജൂനിയർ ,സീനിയർ എന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നും തിരുവനന്തപുരം ജില്ലയിൽ വേക്കൻസി ഉണ്ടായിട്ടും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടില്ലാത്ത തന്നെ ജില്ലക്ക് പുറത്തേക്ക് , ഇടുക്കിയിലെ കട്ടപ്പന നഗര സഭയിലേക്ക് സ്ഥലം മാറ്റുകയുണ്ടായെന്നും ടി ട്രാൻസ്ഫർ ലിസ്റ്റിൽ ജില്ലാതലത്തിൽ സ്ഥലം മാറ്റം നടത്തേണ്ട ജീവനക്കാർ സംസ്ഥാന തല ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ശ്രീ. ഷാജിയുടെ മാതാവ് ശ്രീമതി.ശോഭന എം. ക്യാൻസർ രോഗിയാണെന്നും RCC യിലും മറ്റു ആശുപത്രികളിലും പലതവണ കൊണ്ടുപോകേണ്ടതായി വരുന്നുണ്ടെന്നും ടിയാൻ ടൈപ്പ് 2 പ്രമേഹ രോഗിയാണെന്നും ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ തുടർന്നും ജോലി ചെയ്യുന്നതിനു സാഹചര്യം ലഭ്യമാക്കണമെന്നും ശ്രീ. ഷാജി ആർ. അഭ്യർത്ഥിച്ചു.

വിവിധ വകുപ്പുകൾ ഏകീകരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ സ്പെഷ്യൽ റൂളിൽ ഡ്രൈവർ ഗ്രേഡ് I മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥരെ സംസ്ഥാനതല ഉദ്യോഗസ്ഥരായി

പരിഗണിക്കും എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ ഡ്രൈവർമാരുടെ കേഡർ സ്ട്രെങ്ത് ജില്ലാ തിരിച്ചു നിശ്ചയിക്കുകയോ അവരുടെ ഇൻസ്റ്റേഷൻ, ഔട്ട്സ്റ്റേഷൻ സീനിയോറിറ്റി പട്ടികകൾ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്നും എതൊക്കെ ജില്ലകളിൽ ഏതൊക്കെ കാറ്റഗറികളിലാണ് വേക്കൻസി നിലവിലുള്ളത് എന്ന് അറിയാൻ സാധിക്കുന്നില്ലെന്നും തദ്ദേശ വകുപ്പിന് കീഴിൽ തന്നെയുള്ള HDV ഡ്രൈവർമാരെ റേഷ്യോ പ്രൊമോഷൻ ലഭിച്ചാലും ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റം നടത്തുന്നില്ല , പക്ഷെ തുച്ഛ വരുമാനക്കാരായ LDV ഡ്രൈവർമാരെ റേഷ്യോ പ്രൊമോഷൻ ലഭിച്ചു എന്ന ഒറ്റക്കാരണത്താൽ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുന്നത് അവരോടുള്ള വിവേചനം ആണെന്നും ശ്രീ.രതീഷ് ചന്ദ്രൻ അറിയിച്ചു. ശമ്പളത്തിൽ ഉണ്ടാകുന്ന നേരിയ വർദ്ധനവ് മാത്രം കൊണ്ട് മറ്റൊരു ജില്ലയിൽ വാടകയ്ക്ക് വീട് എടുത്ത് താമസിക്കുന്നതിനും മറ്റുമുള്ള ബുദ്ധിമുട്ടുകളും ടിയാൻ വിവരിച്ചു. ജോലിചെയ്തിരുന്ന ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും 2025 ലെ ജനറൽ ട്രാൻസ്ഫർ ഉത്തരവിൽ ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിലേക്ക് ജൂനിയർ കമ്പൽസറി എന്ന മാനദണ്ഡ പ്രകാരം സ്ഥലം മാറ്റുകയുണ്ടായെന്നും തന്നെക്കാൾ ജൂനിയർ ആയ രഞ്ജിത്ത്.എസ് .സി , അശോക് കുമാർ.കെ, അജിത് കുമാർ.പി എന്നിവരെ അവരവരുടെ സ്റ്റേഷനുകളിൽ നിലനിർത്തിയും പ്രവീൺ എസ് നെ തിരുവനന്തപുരത്തു തന്നെ നിലനിർത്തിയുമാണ് ഉത്തരവിറക്കിയിട്ടുള്ളതെന്നും ടിയാൻ അറിയിച്ചു.

ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ നിയമനം പൊതുസ്ഥലം മാറ്റത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലം മാറ്റം നടത്തിന്നതിലേക്കായി പുനഃ പരിശോധിക്കുന്നതായിരിക്കും, പുനഃ പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനു ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്നീ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് റേഷ്യോ പ്രൊമോഷൻ അനുവദിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാരെ ജൂനിയർ ആയി കണക്കാക്കിയിട്ടുള്ളതും ടിയാന്മാരുടെ സ്റ്റേഷനുകളിലേക്ക് വിവിധ ജീവനക്കാർ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ശ്രീ.നിമേഷ്, ശ്രീ. ഷാജു, ശ്രീ.ഷാജി , ശ്രീ. രതീഷ് ചന്ദ്രൻ എന്നിവരുടെ സ്റ്റേഷനുകളിലേക്ക് അർഹരായ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതും ടിയാന്മാരെ ഒഴിവുള്ള സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഹർജിക്കാരുടെ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതാണെന്നും മാത്രമല്ല തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ക്യൂ ലിസ്റ്റ് നിലനിൽക്കുന്നതിനാൽ ടി ജില്ലയിൽ ഉണ്ടാകുന്ന

ഒഴിവിലേക്ക് പരാതിക്കാരെ പരിഗണിക്കാൻ സാധിക്കില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന അപ്പിൽ അപേക്ഷകൾ പരിശോധിക്കുന്നതിന് പരാമർശം (4) പ്രകാരം അപ്പീൽ കമ്മറ്റി രൂപീകരിച്ചിരുന്നു. ശ്രീ.നിമേഷ് എ.ജി, ഷിജു.എസ്, ഷാജി.ആർ , രതീഷ് ചന്ദ്രൻ. എസ് .ജി. എന്നിവർ സമർപ്പിച്ച അപേക്ഷ അപ്പീൽ കമ്മിറ്റി പരിശോധിക്കുകയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് നിരസിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ അപ്പീൽ കമ്മറ്റി തീരുമാനപ്രകാരവും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ ശ്രീ.നിമേഷ് എ.ജി, ഷിജു.എസ്, ഷാജി.ആർ , രതീഷ് ചന്ദ്രൻ. എസ് .ജി. എന്നിവരുടെ അപേക്ഷ നിരസിച്ചുകൊണ്ടും അപ്രകാരം കോടതി വിധി നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ശ്രീ.നിമേഷ് എ ജി, ലാൽ ഭവൻ, വെള്ളാപ്പള്ളി, നരുവാമൂട്,തിരുവനന്തപുരം-695020
ശ്രീ.ഷാജി ആർ, കാരക്കുഴി മേക്കത്തേൽ വീട്, നൊച്ചിയൂർ, ചെങ്കൽ പി.ഒ,തിരുവനന്തപുരം-695132
ശ്രീ.രതീഷ് ചന്ദ്രൻ എസ് ജി, രേവതി, തുമ്പോട്ടുകോണം, പരുത്തിപ്പള്ളി P.O, കുറ്റിച്ചൽ, തിരുവനന്തപുരം-695574
ശ്രീ.ഷിജു എസ്, പ്ലാവിള തടത്തരികത്ത് വീട്, വെയ്യന്നൂർ പി.ഒ, വെള്ളനാട്, തിരുവനന്തപുരം-695543.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.LSGD-ERA1/129/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 03-10-2025 17:17:00

സെക്ഷൻ ഓഫീസർ